# INDIAN SCHOOL AL WADI AL KABIR

## MIDTERM EXAMINATION (2025- 26)

## CLASS VIII (3rd Lang.) MALAYALAM

## മലയാളം

**Time allowed:2 Hours** **Maximum Marks : 80**

**അനുവദിച്ച സമയം: 2മണിക്കൂർ** **ആകെ മാർക്ക് : 80**

**Date: 14-09-2025**

---

❖ **Please check this question paper contains 6 printed pages and 14 questions.**

---

1) **താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

പാട്ടു പാടാനും പാട്ടു കേൾക്കാനും മോഹിക്കാത്തവർ ആരുമില്ലെന്ന് നമുക്കറിയാം. പണ്ടേതന്നെ മനുഷ്യനിലുണ്ടായിരുന്ന ദിവ്യമായ ആ മോഹം നമുക്കു നല്കിയ മധുരസംഗീതമാണ് നാടൻപാട്ടുകൾ. അറിവും പാണ്ഡിത്യവും ഒന്നുമില്ലാതിരുന്ന അന്നത്തെ ലോകത്തിൽ പാട്ടുപാടിയിരുന്നവർക്ക് നല്ല സന്തോഷവും കേൾവിക്കാർക്ക് ഉല്ലാസവും ഉൽസാഹവും നാടൻപാട്ടുകളിൽ നിന്ന് കിട്ടിയിരുന്നു. അങ്ങനെ എഴുത്തും അച്ചടിയുമൊന്നുമില്ലാതെ ആ പാട്ടുകൾ തലമുറയിൽ നിന്ന് തലമുറയിലേക്ക് എത്തി. ഹൃദയത്തെ ആനന്ദിപ്പിക്കുന്നആ മനോഹരഗാനങ്ങളിൽ ഒരു സമൂഹത്തിന്റെ ജീവിതവും വിശ്വാസവും വിനോദവും സംസ്കാരവും സങ്കല്പവും  എല്ലാമെല്ലാമുണ്ടായിരുന്നു . ഗ്രാമീണജീവിതവും സംസ്കാരവും നാടൻപാട്ടുകളിൽ നിന്ന് മനസ്സിലാക്കാം. മനുഷ്യജീവിതം കടന്നുപോകുന്ന സാഹചര്യങ്ങൾ തൊഴിൽ, കുടുംബം, കാലാവസ്ഥ,  ഉത്സവം, തുടങ്ങി എല്ലാ രംഗങ്ങളുമായും നാടൻപാട്ടുകൾക്ക് ബന്ധമുണ്ട്. കളി, കുളി, ഉത്സവം വിനോദം, താരാട്ട്, കല്യാണച്ചടങ്ങുകൾ  മരണാനന്തര ക്രിയകൾ വിത്തുവിത, ഞാറുനടീൽ ,കളപറിക്കൽ, ധാന്യംകുത്തൽ - ഇങ്ങനെ  മനുഷ്യപ്രയത്നം ആവശ്യപ്പെടുന്ന എല്ലാ സാഹചര്യങ്ങളിലും നാടൻപാട്ടുകൾ

ഉപയോഗിച്ചിരുന്നു. ദഫ്പാട്ടുകൾ, ഓണപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, തുടങ്ങിയ ഒത്തിരിയേറെ വിഭാഗങ്ങളിലായി ഈ പാട്ടുകൾ ചിതറിക്കിടക്കുന്നു

**ചോദ്യങ്ങൾ** **(5x1 = 5)**

1) എന്തായിരുന്നു പണ്ടേ തന്നെ മനുഷ്യനിലുണ്ടായിരുന്ന മോഹം?
2) എന്തെല്ലാമാണ് ഹൃദയത്തെ ആനന്ദിപ്പിക്കുന്ന മനോഹരഗാനങ്ങളായ നാടൻപാട്ടുകളിൽ ഉണ്ടായിരുന്നത്?
3) നാടൻപാട്ടുകളിൽ നിന്നും നമുക്ക് എന്തെല്ലാം മനസ്സിലാക്കാം?
4) ഏതെല്ലാം രംഗങ്ങളുമായി നാടൻപാട്ടുകൾക്ക് ബന്ധമുണ്ട്?
5) ഏതെല്ലാം വിഭാഗങ്ങളിലായി നാടൻപാട്ടുകൾ ചിതറിക്കിടക്കുന്നു?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെ ടുത്തെഴുതുക** **(8 x 1= 8)**

1) 'മാൻമാർക്ക് കുട' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?
(കഴിഞ്ഞകാലം, കണ്ണീരുംകിനാവും, കൊഴിഞ്ഞ ഇലകൾ)
2) ദശരഥൻ രണ്ട് വരങ്ങൾ നൽകിയത് ആർക്കാണ്?
(കൗസല്യയ്ക്ക്, ശ്രീരാമന്, കൈകേയിയ്ക്ക്)
3) "അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്." എന്തിനെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത് ?
(ആനയെക്കുറിച്ച്, കുരുവിയെക്കുറിച്ച്, അട്ടയെക്കുറിച്ച്)
4) ഏതു വാചകം വായിച്ചപ്പോഴാണ് വി.ടി യുടെ മനസ്സിൽ ആഹ്ളാദധ്വനി വിനിർഗളിച്ചത്?
(വിജയദശമി, മാൻമാർക്ക് കുട, പണപ്പായസം)
5) 'ചങ്ങാലിപ്രാവ്' എന്ന കവിത എഴുതിയത് ആര്?
(എഴുത്തച്ഛൻ, ചെറുശ്ശേരി, വൈലോപ്പിള്ളി)
6) "അയാൾ അവളുടെ കൈ പിടിച്ചു കയറ്റി". ആരാണ് കുഞ്ഞുപാത്തുമ്മയുടെ കൈ പിടിച്ചു കയറ്റിയത്?

(ബാപ്പ, ആനമക്കാര്, നിസാർ അഹമ്മദ്)

7) ചങ്ങാലിപ്രാവ് മകളെ പയർ ഏൽപിച്ചത് എന്തിനുവേണ്ടിയാണ്?

(മുളപ്പിക്കുന്നതിനുവേണ്ടി, വറുക്കുന്നതിനുവേണ്ടി, തിന്നുന്നതിനു വേണ്ടി)

8) ശ്രീരാമന്റെ വാക്കുകൾ കേട്ട് പാരിൽ മോഹിച്ചു വീണത് ആര്?

(കൗസല്യ, കൈകേയി, സുമിത്ര)

**3) അർത്ഥം എഴുതുക** **(8x ½=4)**

1) അർണവം

(പ്രകാശം, വീടിനകം, സമുദ്രം)

2) ഭുജിക്കുക

(ഉണ്ടാക്കുക, ഭക്ഷിക്കുക യാചിക്കുക)

3) ഉലകം

(വിശുദ്ധി, ലോകം, അക്ഷരം, )

4) നയനം

(കണ്ണ്, നാസിക, മൗലി)

5) കൊഞ്ഞാരം

(ശപഥം, കളങ്കം കിന്നാരം)

6) അരണ്യം

(നിണം, കാട്, ആകുലം)

7) നിശീഥിനി

(വർഷം, രാത്രി, ഭുവനം)

8) അന്ധകാരം

(ഉത്കണ്ഠ, പ്രതിജ്ഞ, ഇരുട്ട്)

**4) അർത്ഥവ്യത്യാസം എടുത്തെഴുതുക** **(2x 1=2)**

1) അർത്ഥം - അർദ്ധം

(പകുതി - പൊരുൾ, പൊരുൾ - അജ്ഞാനം, പൊരുൾ - പകുതി)

2) കനിവ് - കിനാവ്

(സ്വപ്നം - ദയ, ദയ - സ്വപ്നം, സ്വപ്നം - സത്യം)

**5) പര്യായപദങ്ങൾ എടുത്തെഴുതുക** **(6x 1=6)**

1) പുത്രി

(ശിശു, തനയ, സുത, സുതൻ)

2) ചിറക്

(പക്ഷം, പത്രം, ചിത്തം, പാരാവതം)

3) കാറ്റ്

(മാരുതൻ, വല്ലഭൻ, തെന്നൽ, അർഭകൻ)

4) പൂവ്

(മലർ, കപോതം, കുസുമം, രജനി)

5) വീട്

(ഭവനം, പത്രം, പക്ഷം, ഗൃഹം)

6) വെള്ളം

(നിഗമം, ജലം, സലിലം, മനം)

**6) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** **(4x ½=2)**

1) സംവത്ധരം, സംവത്സരം, സവൽസരം

2) ലംഖിക്കുക, ലംഘിക്കുക, ലംഖിക്കുക

3) നിസ്കളങ്കം നിഷ്കളങ്കം നിഷ്കലങ്കം

4) നിശ്ശബ്ദത, നിശ്ശബ്ധത, നിശ്ശബ്ഥത

**7) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **(4x 1=4)**

1) അമ്മയുടെ / കേട്ട് / അവൾ / വീട്ടിലേക്കോടി / മറഞ്ഞു / ശാസന

2) രക്ഷപ്പെട്ടു / ആ കുട്ടിയിൽ / ഞാൻ / നിന്നു / തല്ക്കാലം

3) വെട്ടിവിഴുങ്ങിക്കളഞ്ഞു / വരാൽമൽസ്യം / ഒരു വലിയ / അതിനെ

4) ചിന്തിച്ചു /ആ രാത്രി /എന്റെ ഭാവിയെപ്പറ്റി / ഞാൻ

**8) ചേർത്തെഴുതുക** **(6x ½=3)**

1) പയർ + ഇത്ര 2) കള്ളി+ പെണ്ണ്
3) വിഷമം + ആണ് 4) പെൺകൊടി + ആണ്
5) ജീവൻ + ഉണ്ടോ 6) പാട്ട് + ആണ്

**9) പിരിച്ചെഴുതുക** **(6x 1=6)**

1) ഉപ്പിട്ടു 2) വാക്യമേവം
3) പാപമാണ് 4) പറന്നെത്തിയ
5) സന്താപമേതും 6) അവസരമില്ല

**10) എതിർലിംഗം എഴുതുക** **(4x 1=4)**

1) നായിക 2) കൂട്ടുകാരൻ
3) അമ്മ 4) മകൾ

**11) വിപരീതപദം എഴുതുക** **(6x 1=6)**

1) കള്ളം 2) ദു:ഖം 3) ഇണക്കം
4) കൊളുത്തുക 5) വിജ്ഞാനം 6) അവസരം

**12) പത്ത് മൃഗങ്ങളുടെ പേരുകൾ മലയാളത്തിൽ എഴുതുക** **(5)**

**13) മലയാള മാസങ്ങളുടെ പേരുകൾ ക്രമത്തിൽ എഴുതുക** **(5)**

**14) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(10x 2=20)**

1) ചങ്ങാലിപ്രാവ് തലതല്ലികരയുന്നത് എന്തുകൊണ്ട്?
2) കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത്?
3) വി.ടി. ലജ്ജിതനായത് എന്തുകൊണ്ട്?
4) അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട്?
5) "പരമാർത്ഥമറിയാതെയെൻ പൊന്നുമോളെ" എന്തായിരുന്നു പരമാർത്ഥം?

6) എന്തുകൊണ്ടാണ് ‘ഇപ്പോൾ ഭുജിപ്പാൻ സമയമില്ലെന്ന് ’ ശ്രീരാമൻ മാതാവിനോട് പറയുന്നത്?

7) വി.ടി. ആരുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത്?

8) ദശരഥമഹാരാജാവ് കൈകേയിയ്ക്ക് നൽകിയ വരങ്ങൾ ഏതെല്ലാം?

9) തിയ്യാടിപെൺകുട്ടി വി.ടി. യോടു ചോദിച്ച സഹായമെന്ത്?

10) ആരാണ് ദണ്ഡധരാലയത്തിൽ പോകുമെന്ന് പറയുന്നത് ?

****